സദൂം ജനത സ്വവർഗരതിക്കാരായിരുന്നു. അവരെ സംസ്കരിക്കുന്നതിന് ഏകദൈവം ലൂത്തിനെ പ്രവാചകനായി അയച്ചു.

ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് രണ്ട് മാലാഖമാർ വന്നു. സുന്ദരന്മാരായ ചെറു പ്പക്കാരുടെ വേഷത്തി ലായിരുന്നു അവർ. അവരെ പ്രാപിക്കാൻ ജനം വിവശരായി ലൂത്തിന്റെ വീട് വളഞ്ഞു. അതുകണ്ട് ലൂത്ത് അവരോട് തിരക്കി: ''നിങ്ങളിൽ വിവേകമുള്ള ഒരുത്തനുമില്ലേ?''

ഒരു വിഷയത്തെ നമുക്ക് പല രീതിയിലൂടെയും സമീപിക്കാം.

വൈകാരികമായി

ഉപരിപ്ലവമായി

വിവേകത്തോടെ

തമാശയായി

മനുഷ്യർ മൂന്നു തരക്കാരാകുന്നു. ചിലർ അന്നം പോലെ. അവർ സ്വന്തത്തിനു തന്നെ ഉപക രിക്കാത്തവർ. ചിലർ രോഗം പോലെ. അവരെ ആർക്കും ആവശ്യമുണ്ടാകില്ല. ചിലർ മരുന്നു പോലെ. അവർ ജനങ്ങൾക്ക് ആവശ്യമുള്ളവരാകുന്നു. ഇത്തരം ആളുകളുടെ സമീപനവും പെരുമാറ്റവും ഹൃദ്യമായിരിക്കും. ആവരാകുന്നു വിവേകശാലികൾ.

വിവേകത്തോടെ ജീവിക്കുന്നവരാകുന്നു സ്വതന്ത്രർ. വൈകാരിക സമീപനമുള്ളവർ പലതരം സമ്മർദ്ദങ്ങൾക്കും അടിമകളായിരിക്കും.

ഓരോ സമീപനത്തിനും നമ്മെ പ്രേരിപ്പിക്കുന്നത് ആ സമയത്തെ മാനസികാവസ്ഥയാകുന്നു. ഓരോന്നിനും അതിന്റേതായ വ്യത്യസ്ത സ്വാധീനവും ഫലങ്ങളും ഉണ്ട്.

ഒരു കാര്യത്തെ വിവേകത്തോടെ സമീപിക്കുക. അതാണ് ബുദ്ധി. കാര്യങ്ങളുടെ ശുഭ പര്യവസാനവും അതിനു തന്നെ.

സമാധാനകാംക്ഷിയായ മനസ്സുകൾക്കാണ് കാര്യങ്ങളെ വിവേകത്തോടെ സമീപിക്കാനും വിലയിരുത്തുവാനും സാധിക്കുക.

വിവേകം, അവിവേകം. ഭഷാപരമായി അവ വിപരീതപദങ്ങളാണ്. അവയുണ്ടക്കുന്ന ഭവിഷ്യത്തും വ്യത്യസ്തങ്ങളാകുന്നു. ഒന്ന് സന്തോഷവും സമാധാനവും. മറ്റേത് ദു:ഖവും വേദനയും.

സമാധാനം വിവേകത്തിന്റെ വഴി. അക്രമം അതിന് അന്യം.

ലോകത്ത് രണ്ട് സമീപന രീതികളാണുള്ളത്. സമാധാനത്തിന്റേതും അക്രമത്തിന്റേതും. രണ്ടിന്റെയും ഉൽഭവം ഒരേ വിഷയത്തിൽനിന്നായിരിക്കും. പക്ഷേ, കൈകാര്യം ചെയ്യുന്ന രീതിയെ ആശ്രയിച്ചിരിക്കുന്നു ഭവിഷ്യത്ത്.

വിവേകം സാമൂഹിക ഇടപാടുകളിൽ അനിവാര്യം. അത് സൂക്ഷ്മതയുടെയും ചിന്ത യുടെയും ഫലം. അവിവേകമാകട്ടെ വേണ്ടത്ര ചിന്തയോ അറിവോ ഇല്ലാത്തതിന്റെ ദുര ന്തവും.

വിവേകത്തിന്റെ വഴി പ്രയാസമുള്ളതാണെങ്കിലും അത് ഏറെ വിശാലമുള്ളതാകുന്നു.

വിവേകം മിതമാകുന്നു. അവിവേകം അനാരോഗ്യകരവും.

ഒരു പ്രശ്നം സ്വന്തത്തിനും മറ്റുള്ളവർക്കും പ്രയാസകരമാക്കാതിരിക്കുക എന്നതാണ് വിവേ കത്തിന്റെ രീതി. ആരോഗ്യപരമായ രീതിയിലായിരിക്കും അതിന്റെ ആസൂത്രണവും സമീപ നവും ഉണ്ടാവുക.

ഇടപാടുകളിലെയും പെരുമാറ്റത്തിലെയും സുതാര്യത വിവേകപൂർണമായ സമീപനം മൂല മാണുണ്ടാവുക. അതാകുന്നു ഹൃദ്യം.

വിവേകം സ്വഭാവങ്ങളുടെ പൂർത്തീകരണമാകുന്നു. വിവേകമില്ലാത്തവൻ പൂർണനല്ല.

പ്രായപൂർത്തി, ബുദ്ധിശക്തി എന്നിവയെ ആശ്രയിച്ചിരിക്കുന്നു വിവേകം.

വിവേകം ഏതൊക്കെ രംഗങ്ങളിൽ എപ്പോഴൊക്കെ എന്ന് വകതിരിച്ചു വിവരിക്കാനാകില്ല.

അവിവേകം തെറ്റുകൾക്കാണ് ആളുകളെ പ്രേരിപ്പിക്കുക. ദൈവത്തോടുള്ള സമീപനത്തിൽ അവിവേകം പ്രവർത്തിച്ച ഒട്ടേറെ ജനതകളെ ദൈവം ശിക്ഷിക്കുകയുണ്ടായി. പ്രവാചകനായ ലോത്തിന്റെ ജനത അതിന് ഉദാഹരണം.

വിവേകത്തോടെ കാര്യങ്ങൾ ചെയ്യുക. വിവേകരഹിതമായ കാര്യങ്ങൾ ചാപല്യം നിറഞ്ഞ തായിരിക്കും.

കുതർക്കിയും വിവരമില്ലാത്തവനുമായ ഒരുവനുമായി കാര്യങ്ങൾ സംസാരിക്കതിരിക്കൽ വിവേകത്തിന്റെ അടയാളമാകുന്നു.

പ്രവാചകൻ തന്റെ അനുയായികളോട് തിരക്കി: ''നിങ്ങളുടെ പദവി ഉയരുകയും ദൈവം നിങ്ങൾക്ക് മാന്യത വർധിപ്പിച്ചു തരികയും ചെയ്യുന്ന ഒരു കാര്യം അറിയിച്ചു തരട്ടെ?'' അവർ അതെ എന്ന് പറഞ്ഞു. ഉടനെ പ്രവാചകർ പറഞ്ഞു: നിങ്ങളോട് അവിവേകം പ്രവർത്തി

ക്കുന്നവരോട് നിങ്ങൾ വിവേകത്തോടെ പെരുമാറുക. നിങ്ങളെ ആക്രമിക്കുന്നവന് നിങ്ങൾ മാപ്പ് നൽകുക. നിങ്ങൾക്ക് നിഷേധിച്ചവന് നിങ്ങൾ നൽകുക. നിങ്ങളോട് കുടുംബ ബന്ധം മുറിച്ചവനോട് ബന്ധം കൂട്ടിച്ചേർ ക്കുക.''

വിവേകം പ്രവാചകന്മാരുടെ പ്രത്യേകതകളിൽ ഒന്നാകുന്നു. ബുദ്ധിപൂർണതയുടെ അടയാളങ്ങളിൽ പെട്ടതും. കോപത്തെ നിയന്ത്രിക്കാൻ അനിവാര്യമാകുന്ന വിവേകം. മനസ്സിൽ ദൈവവിചാരം വർധിക്കുമ്പോഴൊക്കെ വിവേകവും ഔദാര്യബോധവും വർധിക്കും.

കോപം വരുമ്പോൾ അത് കടിച്ചിറക്കുകയത്രെ വിവേകത്തിന്റെ ലക്ഷണം. ഇന്ന് അധിക പേർക്കും ഇല്ലാതെ പോയതും അതു തന്നെ.

സ്വഭാവ ന്യൂനതയെ മറച്ചുവെക്കാനുള്ള മറയാകുന്ന വിവേകം. വിവേകശാലിയുടെ ബുദ്ധി കടിഞ്ഞാണാകുന്നു. അതിനാൽ സ്വഭാവദൂഷ്യങ്ങളെ വിവേകം കൊണ്ട് മറച്ചുവെക്കുക. ബുദ്ധി കൊണ്ട് സ്വന്തം ദേഹേച്ഛയെ നശിപ്പിക്കുക.